മി. സ്പീക്കർ: എന്റെ നിയോജകമണ്ഡലംകൂടിയാണെന്ന് ഞാൻ കൂട്ടിച്ചേർക്കുകയാണ്.

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): സർ, നാഷണൽ ഹൈവേ ഒരു സെൻട്രൽ സെക്ടർ സ്കീമാണ്. ഈ സ്കീമിലെ എല്ലാ ജോലികളും കേന്ദ്രഗവൺമെന്റിന്റെ സാങ്കേതികവും സാമ്പത്തികവുമായ അംഗീകാരത്തിനു വിധേയമായി മാത്രമേ നടത്താൻ സാധിക്കുകയുള്ളു. സർ, കേന്ദ്രഗവൺമെന്റിന്റെ ഒരു ഏജൻസിയെന്നുള്ള നിലയിലാണ് സംസ്ഥാനഗവൺമെന്റ് ഈ നാഷണൽ ഹൈവേയുടെ പ്രവർത്തനങ്ങളെല്ലാംതന്നെ നടത്തിവരുന്നത്. മലപ്പുറം ജില്ലയിലെ വട്ടപ്പാറ എന്ന സ്ഥലത്ത് കഴിഞ്ഞ കുറേ ദിവസങ്ങൾക്കുമുമ്പ് ഉണ്ടായ ദൗർഭാഗ്യകരമായ, നാലുപേരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ ഗവൺമെന്റിന് വളരെയധികം ദുഃഖമുണ്ട്. ഈ സ്ഥലത്തുള്ള വളവുകൾ തീർത്ത് ഗതാഗതം സുരക്ഷിതമാക്കുന്നതിനു വേണ്ടി രണ്ടുലക്ഷത്തിമുപ്പത്തിമൂവായിരത്തി അഞ്ഞൂറ്റി അൻപതു രൂപയുടെ ഒരു എസ്റ്റിമേറ്റ് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുകയുണ്ടായി. കേന്ദ്രഗവൺമെന്റിന്റെ ഡയറക്ടർ ജനറലിനോട് എസ്റ്റിമേറ്റിന് ഏറ്റവും വേഗത്തിൽത്തന്നെ അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. പക്ഷേ അംഗീകാരം ഇതുവരെ ലഭിക്കുകയുണ്ടായില്ല. ഗവൺമെന്റ് അംഗീകാരത്തിനുവേണ്ടി വീണ്ടും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ പ്രസ്തുത അംഗീകാരം കിട്ടുന്നതുവരേക്കും, അനുമതി കിട്ടാതെതന്നെ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ പ്രവൃത്തി ഉടനടി ആരംഭിക്കാൻവേണ്ടി തൃശ്ശൂർ സൂപ്രണ്ടിംഗ് എൻജിനീയർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രവൃത്തി ഏറ്റവും വേഗത്തിൽ ആരംഭിക്കുമെന്ന കാര്യത്തിൽ ഉറപ്പുനൽകാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അവിടെ പ്രസ്തുത റോഡിന്റെ ഒരുഭാഗത്തു കുന്നും മറുഭാഗത്ത് കുഴിയുമാണ്. ആ കുഴിയുള്ള പ്രദേശത്ത് റീട്ടെയിനിംഗ്വാൾ കെട്ടി മണ്ണിട്ട് നികത്താനും കുന്നുള്ള ഭാഗത്തുനിന്ന് മണ്ണെടുത്ത് റോഡിന്റെ വളവുകൾ തീർക്കാനുമുള്ള ഇടപാടുകൾ ഉണ്ടാക്കിയിട്ടുണ്ട്. അവിടെ ഏറ്റവും വേഗത്തിൽതന്നെ ഈ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. അതുപോലെതന്നെ ഇവിടെ ശ്രീ. ബീരാൻ ഉന്നയിച്ചതായ കോഴിച്ചെന എന്ന സ്ഥലം നന്നാക്കാനുള്ള പ്രവൃത്തിയും ഉടനടി ആരംഭിക്കണമെന്ന നിർദ്ദേശവും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കൊടുത്തിട്ടുണ്ട്. ഈ കാര്യത്തിൽ തീർച്ചയായും ഗവൺമെന്റ് കഴിവിന്റെ പരമാവധി ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

## III. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

1. 1979 ജൂലായ് 12-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 382/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 916/79).
2. 1979 ജൂലായ് 12-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 381/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 915/79).
3. 1979 ജൂലായ് 31-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 430/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 947/79).



LIBRARY ARCHIVES Kerala Legislative Assembly

4. 1979 ആഗസ്റ്റ് 6–ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 450/70/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1023/79).

5. 1979 ആഗസ്റ്റ് 6–ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 449/79/ജി. എ. ഡി, (എസ്. ആർ. ഒ. നമ്പർ 1022/79).

6. 1979 ആഗസ്റ്റ് 6–ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 451/79/ ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1080/79).

7. 1979 ആഗസ്റ്റ് 6–ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 452/79/ ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1081/79).

8. 1979 ജൂലായ് 25–ാം തീയത്തിയിലെ ജി. ഒ. (എം. എസ്.) നമ്പർ 419/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1078/79).

9. 1979 ആഗസ്റ്റ് 17–ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 471/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1086/79).

10. 1979 സെപ്റ്റംബർ 10–ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 500/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1088/79),

11. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ 1979–80-ലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റും 1978–79-ലേക്കുള്ള സപ്ലിമെന്ററി ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റും.

12. 1979 സെപ്റ്റംബർ 10–ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 501/79/ജി. എ, ഡി. (എസ്. ആർ. ഒ. നമ്പർ 1130/79).

13. ഹെൽത്ത് സർവ്വീസസ്സിനെ സംബന്ധിച്ച ഉന്നതാധികാര കമ്മിറ്റിയുടെ റിപ്പോർട്ട്.

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): സർ, താഴെ പറയുന്ന കടലാസുകളും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. കേരളാ ഇലക്ട്രിക്കൽസ് ആൻറ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ക്ലിപ്തത്തിന്റെ 1977–78 വർഷത്തെ പതിനാലാം വാർഷിക റിപ്പോർട്ടും കണക്കുകളും, റിവ്യൂ സഹിതം.

2 1979 ജൂലായ് 16–ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 91/79/ ടി. ഡി. (എസ്. ആർ. ഒ. നമ്പർ 1053/79).

മന്ത്രി ശ്രീ. എൻ. ഭാസ്കരൻ നായർക്കുവേണ്ടി താഴെ പറയുന്ന കടലാസുകളുംകൂടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. 1979 മേയ് 22–ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 813/79/ ആർ. ഡി. (എസ്. ആർ. ഒ. നമ്പർ 648/79).

2. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ 1978 മാർച്ച് 31–ാം തീയതി അവസാനിച്ച വർഷത്തെ ആഡിറ്റ് റിപ്പോർട്ട്.

3. 1979 ജൂലായ് 19–ാം തീയതിയിലെ ജി. ഒ.(പി.) നമ്പർ 622/79/ ഫിനാൻസ് (എസ്. ആർ. ഒ. നമ്പർ 911/79).

## IV. റിപ്പോർട്ട് സമർപ്പണം

### പ്രിവിലേജസ് കമ്മിറ്റിയുടെ റിപ്പോർട്ട്

ജോയിൻറ് സെക്രട്ടറി (ശ്രീ. എസ്. ബാലകൃഷ്ണക്കുറുപ്പ്): പ്രിവിലേജസ് കമ്മിറ്റിയുടെ 2–ാമത് റിപ്പോർട്ട് കമ്മിറ്റിയുടെ ചെയർമാൻ സ്പീക്കർക്ക് സമർപ്പിച്ചത് ഞാൻ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly